**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **06-02-2023 - ൽ മറുപടിയ്ക്ക്**

**യുവജന ക്ഷേമ വകുപ്പ് മുഖേന നൽകുന്ന പദ്ധതികൾ/സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആർട്സ് &സ്പോർട്സ് ക്ലബ്ബുകൾ, മറ്റ് യുവജന സംഘങ്ങൾ എന്നിവയ്ക്ക് യുവജന ക്ഷേമ വകുപ്പ് നൽകുന്ന പദ്ധതികൾ, സഹായങ്ങൾ എന്നിവ പട്ടിക രൂപത്തിൽ നൽകാമോ; | (എ) | സംസ്ഥാനത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, മറ്റ് യുവജന സംഘങ്ങൾ എന്നിവയ്ക്ക് യുവജന ക്ഷേമ വകുപ്പ് നൽകുന്ന പദ്ധതികൾ, സഹായങ്ങൾ എന്നിവ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ, സഹായങ്ങൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട വിധം വിശദമാക്കാമോ? | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും തൊഴിൽ പരിശീലനങ്ങൾ, ധനസഹായം, മത്സരപരീക്ഷ, ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ അവാർഡുകൾ എന്നിവയ്ക്കായി നേരിട്ടോ, യൂത്ത് - യുവാ ക്ലബ്ബുകൾ മുഖേനയോ ജില്ലാ യുവജനകേന്ദ്രം വഴിയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കായിക യുവജന കാര്യാലയം മുഖേന ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും കായിക യുവജന കാര്യാലയത്തിൽ നേരിട്ടോ, തപാൽ മുഖേനയോ ആണ് സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | പദ്ധതികൾ |
|---|---|---|
| 1 | കായിക യുവജന കാര്യാലയം | സംസ്ഥാനത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിനും, ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതി. |
| 2 | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് | എ) തൊഴിൽ പരിശീലനങ്ങൾ<br>ബി) സാംസ്കാരിക കൂട്ടായ്മകൾ<br>സി) ഗോത്രകലകളുടെയും പാരമ്പര്യ കലകളുടെയും പ്രോത്സാഹനം<br>ഡി) അക്കാഡമിക് പ്രതിഭകൾക്ക് അനുമോദനങ്ങൾ<br>ഇ) മത്സരപരീക്ഷാ പരിശീലനം<br>എഫ്) ബോധവൽക്കരണ ക്ലാസ്സുകൾ<br>ജി) ക്ലബ്ബുകളുടെ മികച്ച പ്രവർത്തനങ്ങൾ വിലയിരുത്തിയുള്ള ധനസഹായം, അവാർഡ് വിതരണം മുതലായവ<br>എച്ച്) കാർഷിക പ്രവർത്തനങ്ങളിലുള്ള പ്രോത്സാഹനം |